REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 18-02-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് നാവികസേനയുടെ രാജ്യാന്തര ഫ്ലീറ്റ് റിവ്യൂവിൽ പങ്കെടുക്കും.**
- **ന്യൂഡൽഹിയിൽ ഇന്ത്യ AI ഇംപാക്ട് ഉച്ചകോടിയിൽ പങ്കെടുക്കാനെത്തിയ വിവിധ ലോകനേതാക്കളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് കൂടിക്കാഴ്ച നടത്തും.**
- **മികച്ച നിയമപാലകർ എന്നതിനൊപ്പം ജനങ്ങളുടെ സുഹൃത്തായി സംസ്ഥാനത്തെ പോലീസ് സേന മാറിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **ഇന്നലെ മാസപ്പിറവി കണ്ടതായി വിവരം ലഭിക്കാത്തതിനാൽ സംസ്ഥാനത്ത് നാളെയായിരിക്കും റമദാൻ വ്രതാരംഭമെന്ന് വിവിധ ഖാസിമാർ അറിയിച്ചു.**
- **ട്വന്റി-20 പുരുഷ ലോകകപ്പ് ക്രിക്കറ്റിൽഗ്രൂപ്പ് A മത്സരത്തിൽ ഇന്ത്യ ഇന്ന് നെതർലാൻഡ്സിനെ നേരിടും**

## വാർത്തകൾ വിശദമായി

**രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് നാവികസേനയുടെ കരുത്തും സമുദ്ര ത്തിലെ കഴിവുകളും പ്രകടിപ്പിക്കുന്ന രാജ്യാന്തര ഫ്ലീറ്റ് റിവ്യൂവിൽ പങ്കെടുക്കും. ഇന്ത്യൻ നാവികസേനയാണ് ഈ മാസം 15 മുതൽ 25 വരെ വിശാഖപട്ടണത്ത് അന്താരാഷ്ട്ര ഫ്ലീറ്റ് റിവ്യൂ സംഘടിപ്പിച്ചത്.**

**ഡെസ്ക്ക് റിപ്പോർട്ട്.**

....(വോയ്സ്).....

സായുധസേനയുടെ സുപ്രീം കമാൻഡർ എന്ന നിലയിൽ നാവികസേനയുടെ കഴിവുകൾ അന്താരാഷ്ട്ര ഫ്ലീറ്റ് റിവ്യൂവിൽ രാഷ്ട്രപതി അവലോകനം ചെയ്യും.ആഗോള നാവിക ശക്തി, സഹകരണം, ഇന്ത്യയുടെ വികസിച്ചുകൊണ്ടിരിക്കുന്ന സമുദ്രശേഷി എന്നിവ ഫ്ലീറ്റിൽ പ്രദർശിപ്പിക്കും. സൗഹൃദ രാജ്യങ്ങളിലെ സന്ദർശക കപ്പലുകൾക്കൊപ്പം യുദ്ധ ക്കപ്പലുകളും, അന്തർവാഹിനികളും പങ്കെടുക്കും.

ഫ്ലീറ്റ് റിവ്യൂവിൽ പങ്കെടുക്കാൻ ഇന്നലെ വൈകിട്ട് വിശാഖപട്ടണത്ത് എത്തിയ രാഷ്ട്രപതിയെ ആന്ധ്രാപ്രദേശ് ഗവർണർ S അബ്ദുൾ നസീർ, ഉപമുഖ്യമന്ത്രി പവൻ കല്യാൺ, കിഴക്കൻ നാവിക കമാൻഡിന്റെ മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു.

✪✪✪

ഇന്ത്യ AI ഇംപാക്ട് ഉച്ചകോടിയുടെ മൂന്നാം ദിനമായ ഇന്ന് നിർണ്ണായകമായ ചർച്ചകളും ഗവേഷണ സംഗമങ്ങളും നടക്കും. എസ്റ്റോണിയൻ പ്രസിഡന്റ് അലാർ കാരിസ്, കേന്ദ്ര ഐടി-ഇലക്ട്രോണിക്സ് മന്ത്രി അശ്വിനി വൈഷ്ണവ്, സഹമന്ത്രി ജിതിൻ പ്രസാദ എന്നിവർ പങ്കെടുക്കുന്ന ഗവേഷണ സിമ്പോസിയമാണ് ഇന്നത്തെ പ്രധാന ആകർഷണം. കൂടാതെ, ഉച്ചകോടിയുടെ ഉദ്ഘാടന സെഷനും വർക്കിംഗ് ഗ്രൂപ്പിന്റെ പ്രഖ്യാപനവും ഇന്ന് നടക്കും. ഇന്ത്യ AI ഇംപാക്ട് സമ്മിറ്റിന്റെ കാഴ്ചപ്പാടുകൾ, മുൻഗണനകൾ, ഭാവി അജണ്ടകൾ എന്നിവ ഈ സെഷനിൽ വിശദമായി ചർച്ച ചെയ്യും.

"സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കും അപ്പുറം AI എങ്ങനെ ആഗോള വികസനത്തെ പുനർനിർമ്മിക്കും" എന്ന വിഷയത്തിൽ പ്രത്യേക സെഷനും ഇന്നത്തെ അജണ്ടയിലുണ്ട്. ആഗോളതലത്തിൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, ശേഷി വികസനത്തിനും, പുതിയ വികസന പാതകൾ തുറക്കുന്നതിനും AI എങ്ങനെ പ്രയോജനപ്പെടുത്താം എന്ന് ഈ സെഷൻ വിലയിരുത്തും.

✪✪✪

ന്യൂഡൽഹിയിൽ ഇന്ത്യ AI ഇംപാക്ട് ഉച്ചകോടിയിൽ പങ്കെടുക്കാനെത്തിയ വിവിധ ലോകനേതാക്കളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് കൂടിക്കാഴ്ച നടത്തും.

സ്പെയിൻ പ്രസിഡന്റ് പെഡ്രോ സാഞ്ചസ്, ഫിൻലൻഡ് പ്രധാനമന്ത്രി ആന്റി പെറ്ററി ഓർപ്പോ, സെർബിയൻ പ്രസിഡന്റ് അലക്സാണ്ടർ വൂസിച്ച്, ക്രൊയേഷ്യൻ പ്രധാനമന്ത്രി ആന്ദ്രെ പ്ലെൻകോവിച്ച്, എസ്റ്റോണിയൻ പ്രസിഡന്റ് അലാർ കാരിസ്, ഭൂട്ടാൻ പ്രധാനമന്ത്രി ദാഷോ ഷെറിംഗ് ടോബ്ഗേ, കസാക്കിസ്ഥാൻ പ്രധാനമന്ത്രി ഓൾഷാസ് ബെക്റ്റെനോവ് എന്നിവരുമായാണ് പ്രധാനമന്ത്രി ഇന്ന് കൂടിക്കാഴ്ച നിശ്ചയിച്ചിരിക്കുന്നത്.

✪✪✪

2026-ൽ ഫ്രാൻസിന്റെ അധ്യക്ഷതയിൽ നടക്കുന്ന 52-ാമത് G-7 ഉച്ചകോടിയിലേക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദിയെ ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ ഔദ്യോഗികമായി ക്ഷണിച്ചു. ഫ്രാൻസിലെ എവിയാനിൽ  നടക്കുന്ന ഉച്ചകോടിക്ക് മുന്നോടിയായി അന്താരാഷ്ട്ര അജണ്ടകളിൽ പൊതു ധാരണയിലെത്തുന്നതിന് ഇന്ത്യയും ഫ്രാൻസും തമ്മിൽ പ്രത്യേക അഡ്ഹോക് കൂടിക്കാഴ്ച നടത്തണമെന്ന് അദ്ദേഹം മുംബൈയിൽ നിർദ്ദേശിച്ചു.

ഇന്ത്യ ബ്രിക്സ് ഉച്ചകോടിയുടെ അധ്യക്ഷ പദവി വഹിക്കുന്ന വേളയിൽ തന്നെ ഫ്രാൻസ് ജി7 ഗ്രൂപ്പിനെ നയിക്കുന്നു എന്നത് ഇരു രാജ്യങ്ങളും തമ്മിലെ പങ്കാളിത്തം കൂടുതൽ വേഗത്തിലാക്കാൻ സഹായിക്കുമെന്ന് മാക്രോൺ പറഞ്ഞു. അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, ജർമ്മനി, ജപ്പാൻ, ഇറ്റലി, കാനഡ എന്നീ രാജ്യങ്ങളും യൂറോപ്യൻ യൂണിയനും ഉൾപ്പെടുന്നതാണ് ജി7 കൂട്ടായ്മ. കഴിഞ്ഞ വർഷം കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണിയുടെ ക്ഷണപ്രകാരം പ്രധാനമന്ത്രി മോദി ഉച്ചകോടിയിൽ പങ്കെടുത്തിരുന്നു.

✪✪✪

മികച്ച നിയമപാലകർ എന്നതിനൊപ്പം ജനങ്ങളുടെ സുഹൃത്തായി സംസ്ഥാനത്തെ പോലീസ് സേന മാറിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. നിയമ പരിപാലനത്തിൽ ഒട്ടും വിട്ടുവീഴ്ച്ചയില്ലാതെ പ്രവർത്തിക്കാൻ പോലീസ് സേനക്ക്  സാധിക്കുന്നുണ്ട്. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവരാണ് ഇപ്പോൾ പോലീസിൽ എത്തുന്നത്. ഇത് പോലീസ് സേനയുടെ മികവ് വർധിപ്പിക്കുന്നുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. കണ്ണൂർ പിണറായി പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിടോദ്ഘാടനം  നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

സംസ്ഥാനത്തെ ക്രമസമാധാന നില ഭദ്രമാണെന്നും എത്ര ഉന്നതരായാലും കുറ്റവാളികളുടെ മേൽ മുഖം നോക്കാതെ നടപടി

സ്വീകരിക്കാൻ പോലീസിന് മടിയില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. പിണറായി കൺവെൻഷൻ സെന്ററിന്റെ സമീപത്തായി 803 ചതുരശ്ര മീറ്ററിൽ മൂന്നു നിലകളിലാണ് പിണറായി പോലീസ് സ്റ്റേഷൻ നിർമ്മാണം പൂർത്തീകരിച്ചത്.

✪✪✪

ക്രമസമാധാനവും സ്വൈരജീവിതവും ഉറപ്പാക്കുന്നതിന് സംസ്ഥാന വ്യാപകമായി നടത്തിയ "ഓപ്പറേഷൻ റൗണ്ട് അപ്പിൽ 1663 പേരെ അറസ്റ്റ് ചെയ്തു. ഗുരുതര കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട 691 പേരേയും വിവിധ കേസുകളിൽ ഉൾപ്പെട്ട് ഒളിവിൽ കഴിയുകയായിരുന്ന 972 പേരേയുമാണ് അറസ്റ്റ് ചെയ്തത്.

ക്രമസമാധാന വിഭാഗം ADGP എച്ച് വെങ്കിടേഷിന്റെ മേൽനോട്ടത്തിൽ ഈ മാസം 12 മുതൽ 14 വരെയായിരുന്നു സ്പെഷ്യൽ ഡ്രൈവ് നടപ്പാക്കിയത്.

✪✪✪

എല്ലാവർക്കും തുല്യനീതി ഉറപ്പാക്കുന്ന വിദ്യാഭ്യാസ നയമാണ് സംസ്ഥാന ഗവൺമെന്റ് നടപ്പാക്കുന്നതെന്ന് മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. കണ്ണൂർ ചപ്പാരപ്പടവ് പഞ്ചായത്തിൽ പടപ്പേങ്ങാട് ഗവ. എൽ.പി സ്കൂളിന്റെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യുകയിരുന്നു മന്ത്രി.

✪✪✪

തദ്ദേശ ദിനാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം രാവിലെ കണ്ണൂർ മാങ്ങാട്ടുപറമ്പ് KAP ബറ്റാലിയൻ ഗ്രൗണ്ടിൽ മന്ത്രി MB രാജേഷ് നിർവഹിക്കും. അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി 2.0 എന്ന വിഷയത്തിൽ രാവിലെ സെമിനാർ നടത്തും. പ്രിൻസിപ്പൽ ഡയറക്ടർ ജെറോമിക് ജോർജ് വിഷയം അവതരിപ്പിക്കും.

✪✪✪

സൈനിക സ്ക്കൂൾ പ്രവേശനവുമായി ബന്ധപ്പെട്ട കൗൺസിലിംഗിന് രജിസ്ട്രേഷൻ സൗജന്യമാണെന്ന് രാജ്യരക്ഷാ മന്ത്രാലയ വക്താവ് തിരുവനന്തപുരത്ത് അറിയിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി.

................(വോയ്സ്)....................

✪✪✪

മത്സ്യത്തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യമായി 18 കോടി 94 ലക്ഷം രൂപയാണ് ഗവൺമെന്റ് വിതരണം ചെയ്യുന്നതെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് ഫറഞ്ഞു. സംസ്ഥാനത്ത് 67,440 പേർക്കാണ് വിരമിക്കൽ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും വിരമിക്കൽ ആനുകൂല്യ വിതരണ ചടങ്ങ് ബേപ്പൂർ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ഇന്നലെ മാസപ്പിറവി കണ്ടതായി വിവരം ലഭിക്കാത്തതിനാൽ സംസ്ഥാനത്ത് നാളെയായിരിക്കും റമദാൻ വ്രതാരംഭമെന്ന് വിവിധ ഖാസിമാർ അറിയിച്ചു. മാസപ്പിറവി കണ്ടതായി വിവരം ലഭിക്കാത്തതിനാൽ ശഅ്ബാൻ 30 പൂർത്തീകരിച്ച് നാളെ റമദാൻ ഒന്നായിരിക്കുമെന്ന് പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ, സംയുക്ത മഹല്ല് ജമാഅത്ത് ഖാസി സയ്യിദ് ഇബ്റാഹീമുൽ ഖലീൽ അൽബുഖാരി, കാന്തപുരം A.P അബൂബക്കർ മുസലിയാരുടെ പ്രതിനിധി C മുഹമ്മദ് ഫൈസി, തിരുവനന്തപുരം വലിയ ഖാസി ചന്തിരൂർ വി.എം. അബ്ദുല്ലാ മൗലവി എന്നിവർ അറിയിച്ചു.

ഒമാൻ ഒഴികെ ഗൾഫ് രാജ്യങ്ങളിൽ ഇന്നാണ് റമദാൻ വ്രതാരംഭം. ഒമാനിൽ നാളെ മുതലാണ് റമദാൻവ്രതം ആരംഭിക്കുന്നത്.

✪✪✪

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ നവീകരിച്ച ഓറിയൻറൽ ബ്ലോക്ക് ഇന്ന് മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്യും. യൂണിവേഴ്സിറ്റി കോളേജിന്റെ ആദ്യ മലയാളി പ്രിൻസിപ്പാളും മലയാളം-സംസ്കൃത വിഭാഗങ്ങളുടെ ആദ്യ മേധാവിയുമായിരുന്ന ഏ.ആർ. രാജരാജവർമ്മയുടെ പേരിൽ അറിയപ്പെടുന്ന ഈ കെട്ടിടസമുച്ചയം, കോളേജിന്റെ ചരിത്രത്തിലെ ശ്രദ്ധേയമായ പൈതൃക കേന്ദ്രങ്ങളിലൊന്നാണ്.

✪✪✪

ട്വന്റി-20 പുരുഷ ലോകകപ്പ് ക്രിക്കറ്റിൽ മുംബൈയിൽ ഗ്രൂപ്പ് C മത്സരത്തിൽ നേപ്പാൾ, സ്ക്വാട്ലൻഡിനെ ഏഴ് വിക്കറ്റിന്

പരാജയപ്പെടുത്തി. ഇന്നലെ നടന്ന മറ്റൊരു മത്സരത്തിൽ ന്യൂസിലാൻഡ്, കാനഡയെ എട്ട് വിക്കറ്റിന് തോൽപ്പിച്ചു. ശ്രീലങ്കയിൽ നടക്കാനിരുന്ന സിംബാംബ്‌വെയും, അയർലണ്ടും തമ്മിലെ ഗ്രൂപ്പ് B മത്സരം മഴയെത്തുടർന്ന് ഉപേക്ഷിച്ചു. ഇതോടെ ഗ്രൂപ്പ് B യിൽ നിന്ന് സൂപ്പർ എട്ടിലെത്തുന്ന രണ്ടാമത്തെ ടീമായി സിംബാംബ്‌വെ. 2021 ലെ ചാമ്പ്യൻമാരായ ഓസ്‌ട്രേലിയ ടൂർണമെന്റിൽ നിന്ന് പുറത്തായി.

ഇന്ന് മൂന്ന് മത്സരങ്ങളുണ്ട്. രാവിലെ 11-ന് ഗ്രൂപ്പ് D മത്സരത്തിൽ ഡൽഹിയിൽ ദക്ഷിണാഫ്രിക്ക, UAE യെ നേരിടും.

ഉച്ചകഴിഞ്ഞ് മൂന്നിന് കൊളംബോയിൽ ഗ്രൂപ്പ് A മത്സരത്തിൽ പാകിസ്ഥാൻ, നമീബിയയുമായി ഏറ്റുമുട്ടും.

മൂന്നാം മത്സരത്തിൽ വൈകിട്ട് ഏഴിന് അഹമ്മദാബാദിൽ ഗ്രൂപ്പ് A മത്സരത്തിൽ ഇന്ത്യ, നെതർലാൻഡ്സിനെ നേരിടും.

✪✪✪

അന്താരാഷ്ട്ര കായിക വേദികളിൽ കുട്ടികൾക്ക് മുന്നേറാൻ അടിത്തറ ആയോധന കലയാകണം എന്ന നിർബന്ധം ഗവൺമെന്റിന് ഉണ്ടെന്ന് മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. സംസ്ഥാന സ്കൂൾ ഒളിമ്പിക്സിൽ ആദ്യമായി ആയോധന കലയായ 'കളരിപ്പയറ്റിനെ' ഒരു മത്സര ഇനമായി ഉൾപ്പെടുത്തിയത് കായിക ചരിത്രത്തിൽ സുവർണ്ണ ലിപികളാൽ രേഖപ്പെടുത്തേണ്ട തീരുമാനമാണെന്നും മന്ത്രി പറഞ്ഞു. കണ്ണൂർ കതിരൂർ ഏഴരക്കണ്ടത്ത് പൊന്ന്യത്തങ്കത്തിന്റെ സംസ്കാരിക സമ്മേളനം ഉദ്ഘടാനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

പ്രീ- പ്രൈമറി വിദ്യാഭ്യാസം കൂടുതൽ സന്തോഷകരവും അനുഭവ സമ്പന്നവുമാക്കാൻ ലക്ഷ്യമിട്ട് പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ സമഗ്ര ശിക്ഷ കേരളം നടപ്പിലാക്കുന്ന വർണകൂടാരം പദ്ധതി കാസർകോട്ട് പുരോഗമിക്കുന്നു.

കാസർകോട്ട് നിന്ന് P ജഗന്നിവാസൻ.

......(വോയ്സ്)..........

✪✪✪

**കോഴിക്കോട് നഗരത്തിൽ കല്ലായ് റോഡിലെ വസ്ത്രാലയത്തിൽ ഇന്നലെ വൈകിട്ട് വൻ തീപിടിത്തമുണ്ടായി. നാലുനില കെട്ടിടത്തിന്റെ മൂന്നും നാലും നിലകളിലാണ് തീപിടിത്തമുണ്ടായത്. ആളപായമില്ല.**

✪✪✪

**ശബരിമല ആചാരസംരക്ഷണത്തിന് അനുകൂലമായ നിലപാട് സുപ്രീംകോടതിയിൽ സ്വീകരിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാവണമെന്ന് BJP സംസ്ഥാന ജനറൽ സെക്രട്ടറി S. സുരേഷ് തിരുവനന്തപുരത്ത് ആവശ്യപ്പെട്ടു. നേരത്തെ കൊടുത്ത സത്യവാങ്മൂലം മാറ്റിക്കൊടുക്കാനും, ആചാരസംരക്ഷണത്തിനായി സമരം ചെയ്ത ഭക്തർക്കെതിരെ എടുത്ത കള്ളകേസുകൾ പിൻവലിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാവണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.**

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: അബ്ദുൽകബീർ*
*NRTs: സയ്യിദ് അലി ശിഹാബ്*
*DEO: ഷീബ*